# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



## സുന്ദരനായ വിഡ്ഢിരാജാവ്

എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest; Alastair Paterson
അംഗികരിച്ചത് : Lyn Doerksen
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ഇസ്രായേലിന്റെ ന്യായാധിപനും നേതാവുമായ ശമൂവേൽ വൃദ്ധനായി. ദൈവവേലയിൽ തന്റെ സ്ഥാനം ഏറ്റെടുക്കുവാൻ തന്റെ പുത്രന്മാരെ അവൻ ന്യായാധിപന്മാരാക്കി. എന്നാൽ ശമൂവേലിന്റെ പുത്രന്മാർ ദുഷ്ടന്മാരായിരുന്നു. അവർ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി അന്യായം ചെയ്തു.



ഈ പുത്രന്മാരുടെ ദുഷ്ടത നിമിത്തം ഇസ്രായേൽ ജനം കഷ്ടത്തിലായി. കോടതിയിൽനിന്ന് നീതി ലഭിക്കാതെയായി. എന്തെങ്കിലും സഹായം വേണമെങ്കിൽ ഓരോ തവണയും ശമൂവേലിന്റെ പുത്രന്മാർക്ക് കൈക്കൂലി കൊടുക്കേണ്ടതായി വന്നു.



എന്തെങ്കിലും പരിഹാരം ചെയ്തെങ്കിലേ മതിയാകയുള്ളായിരുന്നു. ഒരു ദിവസം ഇസ്രായേലിലെ മൂപ്പന്മാരെല്ലാവരും ശമൂവേലിന്റെ അടുത്തുവന്ന് സഹായം ചോദിച്ചു.



“ഞങ്ങളെ ഭരിക്കേതിന് ഒരു രാജാവിനെ തരിക” എന്ന് മൂപ്പന്മാർ ആവശ്യപ്പെട്ടു. ശമൂവേലിന്റെ ദുഷ്ടന്മാരായ പുത്രന്മാർ അവരെ ഭരിക്കുന്നതിന് അവർ ഇഷ്ടപ്പെട്ടില്ല. അവരുടെ ചുറ്റുപാടുമുള്ള ജാതികൾക്കുായിരുന്നതുപോലെ അവർക്കും ഒരു രാജാവിനെ വേണമെന്ന് പറഞ്ഞു.





ശമൂവേൽ കോപിച്ചു. അവർക്ക് ഒരു രാജാവ് ഉല്ലോ! ഇസ്രായേലിനെ ഭരിച്ച സർവ്വശക്തനും നിത്യനുമായവൻ. വളരെക്കാലം മുമ്പ് അവരെ മിസ്രയിമീൽനിന്ന് വിടുവിച്ച് രക്ഷപ്പെടുവാൻ ചെങ്കടലിലൂടെ വഴി തുറന്നുകൊടുത്തതാണവൻ.



എന്നിട്ട് ഇസ്രായേലിന്
മനോഹരമായ ദേശം
കൊടുത്തതാണ്.

ശമൂവേൽ പ്രാർത്ഥിച്ചപ്പോൾ യഹോവ അരുളിച്ചെയ്തു, “അവരുടെ അപേക്ഷപ്രകാരം അവർക്ക് ഒരു രാജാവിനെ കൊടുക്കുക. അവൻ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാണ് ത്യജിച്ചിരിക്കുന്നത്.”





ഭൂമിയിലെ അവരുടെ രാജാവ്
നികുതിയായി അവരുടെ
പണം എടുക്കും, അവരെ
തന്റെ വയലുകളിലും
മുന്തിരിത്തോപ്പുകളിലും
വേലക്കാരായി നിയമിക്കും,
പുത്രന്മാരെ സൈന്യത്തിലേക്ക്
എടുക്കും, പുത്രിമാരെ
അടുക്കളപ്പണിക്കുവേി കൊ
ുപോകും എന്നിങ്ങനെ
അവർക്ക്മുന്നറിയിപ്പു
കൊടുക്കുവാൻ ദൈവം
ശമൂവേലിനോട് പറഞ്ഞു.


രാജാവിന്റെ
മുന്തിരിത്തോപ്പ്
പക്ഷേ, എന്തായാലും
ജനങ്ങൾക്ക് ഒരു
രാജാവിനെ
കൂടിയേ തീരൂ.
പ്രവേശനമില്ല



വളരെ സുന്ദരനും എന്നാൽ ലജ്ജാശീലനും നല്ല ഉയരവുമുള്ള ഒരു യുവാവിനെ ദൈവം ശമൂവേലിന് കാട്ടിക്കൊടുത്തു. അദ്ദേഹം എല്ലാവരെക്കാളും തോൾമുതൽ പൊക്കമേറിയവൻ ആയിരുന്നു. യഹോവ ശമൂവേലിനോട് അരുളിച്ചെയ്തു: “ഇവൻ എന്റെ ജനത്തെ ഭരിക്കും.”



ശമൂവേൽ ദൈവത്തെ
അനുസരിച്ചുകൊ് ശൗലിനെ
ഇസ്രായേലിന്റെ രാജാവാക്കി
അഭിഷേകം ചെയ്തു.
ശമൂവേൽ അദ്ദേഹത്തെ
ഇസ്രായേൽ ജനങ്ങളുടെ
മുമ്പാകെ
അവതരിപ്പിച്ചപ്പോൾ, “രാജാവ്
നീണാൾ വാഴട്ടെ” എന്ന്
ജനങ്ങൾ ആർത്തുവിളിച്ചു.

ഉടൻതന്നെ ശൗൽ രാജാവിന് വെല്ലുവിളി നേരിട്ടേിവന്നു. ഇസ്രായേലിനെ വെറുത്ത അമ്മോന്യർ ഒരു പട്ടണത്തിനുനേരെ പാളയമിറങ്ങി. അവിടെയുള്ള ഓരോ മനുഷ്യന്റെയും വലങ്കണ്ണ് ചൂഴ്ന്നെടുക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി. എന്തൊരു ക്രൂരമായ പദ്ധതി. ഈ ഭീഷണിയുടെ വാർത്ത ശൗലിന്റെയടുത്ത് എത്തി. അവൻ സൈന്യത്തെ തയ്യാറാക്കി.





ഇരു സൈന്യവും
തമ്മിൽ ഏറ്റുമുട്ടി.
ശൗൽ അമ്മോന്യരെ
നശിപ്പിച്ചിട്ട് പട്ടണത്തെ
രക്ഷപെടുത്തി.
ശൗൽരാജാവ്
ദൈവത്തിന്
മഹത്വംകൊടുത്തുകൊ്
പറഞ്ഞു:
“...ഇന്നു യഹോവ
ഇസ്രായേലിന്
രക്ഷവരുത്തിയിരിക്കു
ന്നു.”

അന്ന് ദൈവം ശൗലിന് വലിയ വിജയം കൊടുത്തു. എന്നാൽ ശൗൽ എപ്പോഴും ദൈവത്തിന് മഹത്വം കൊടുത്തില്ല. ഒരു ദിവസം ഫെലിസ്ത്യരോട് യുദ്ധം ചെയ്യുന്നതിനുമുമ്പേ ശൗൽ ദൈവത്തിന് യാഗം അർപ്പിച്ചു. എന്നാൽ യാഗമർപ്പിക്കേണ്ടത് ശമൂവേലിന്റെ ജോലിയായിരുന്നുവെന്ന് അവനറിയാമായിരുന്നു. ശമൂവേൽ വരുന്നതുവരെ അവൻ സഹിഷ്ണുതയോടെ കാത്തിരിക്കണമെന്നാണ് ദൈവേഷ്ടം എന്ന് അവനറിയാമായിരുന്നു. എന്നാൽ ശൗൽ ദൈവത്തോട് അനുസരണക്കേടു കാട്ടി.



ഒടുവിൽ ശമൂവേൽ വന്നപ്പോൾ, അദ്ദേഹം ശൗലിനോട് പറഞ്ഞു: “നീ ചെയ്തത് ഭോഷത്തം. നിന്റെ ദൈവമായ യഹോവയുടെ കല്പന നീ പ്രമാണിച്ചില്ല. ഇപ്പോഴോ നിന്റെ രാജത്വം നിലനില്ക്കയില്ല.”



ശൗൽ വിചാരിച്ചു, അതൊരു ചെറിയ പാപമല്ലേയെന്ന്. എന്നാൽ ദൈവത്തോടുള്ള അനുസരണക്കേട് എപ്പോഴും ഗുരുതരമാണ്.



മറ്റൊരവസരത്തിൽ ദുഷ്ടരായ അമാലേക്യരെ നശിപ്പിച്ചുകളയാൻ ദൈവം ശൗലിനോട് കല്പിച്ചു.

എന്നാൽ ശൗൽ അമാലേക്കിന്റെ രാജാവായ ആഗാഗിനെ കൊന്നില്ല. അവർ വിലപിടിപ്പുള്ളതൊക്കെയും ആടുകളെയും



കാളകളെയും നശിപ്പിക്കാതെ സൂക്ഷിച്ചു. ശൗൽ പറഞ്ഞത് യഹോവയ്ക്ക് യാഗം അർപ്പിക്കാനായി അവയെ സൂക്ഷിച്ചതാണെന്നാണ്.



ശമൂവേൽ ശൗലിനോട് പറഞ്ഞു: “അനുസരിക്കുന്നത് യാഗത്തെക്കാൾ നല്ലത്”. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊ് അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു. ശൗലിന് തന്റെ പാപത്തെക്കുറിച്ച്  വളരെ ദുഃഖമുായി. പക്ഷേ, അത് വളരെ വൈകിപ്പോയി. യഹോവയെ അനുസരിക്കാത്തതുകാരണം അവന്റെ ശേഷമുള്ള ജീവിതകാലം അവൻ അസന്തുഷ്ടനായി തുടർന്നു.

സുന്ദരനായ വിഡ്ഢിരാജാവ്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 ശമൂവേൽ 8–16

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16